കാന്തപുരത്തിന്റെ സംഘ്പരിവാർബന്ധവും സമുദായവഞ്ചനയും



വ്യക്തിപരമായ വലിയ താൽപര്യങ്ങൾക്കും സംഘടനാപരമായ ചെറിയനേട്ടങ്ങൾക്കുംവേണ്ടി മഞ്ചേശ്വരത്തടക്കം ബി.ജെ.പിക്കു വോട്ടുമറിച്ചുനൽകാൻ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നേതൃത്വംനൽകിയത് കേരളത്തിലെ മുസ്‌ലിം സമുദായത്തോടും മതേതരവിശ്വാസികളോടുംചെയ്ത കടുത്തവഞ്ചനയാണ്.

മുസ്‌ലിംകളുൾപ്പെടെയുള്ള ഇന്ത്യയിലെ ന്യൂനപക്ഷങ്ങളോടും ദലിതുകളോടും ചരിത്രത്തിലും വർത്തമാനത്തിലും സംഘ്പരിവാറും നരേന്ദ്രമോദിയും ചെയ്തുകൊണ്ടിരിക്കുന്ന ക്രൂരതകളെ മറച്ചുപിടിക്കാനും ഇസ്‌ലാമിലെ ആഭ്യന്തര അഭിപ്രായവ്യത്യാസങ്ങളിൽ ഏതെങ്കിലുമൊരു ധാരയെമാത്രം സർക്കാർതലത്തിൽ പ്രോത്സാഹിപ്പിച്ച്, ഒറ്റസമുദായമായി നിൽക്കുന്ന ഇന്ത്യയിലെ മുസ്‌ലിംകളെ ഭിന്നിപ്പിക്കാനും

നരേന്ദ്രമോദി നടത്തുന്ന ശ്രമങ്ങൾക്കു പിന്തുണ നൽകുന്ന തരത്തിലാണു കാന്തപുരത്തിന്റെ പ്രവർത്തനമെന്നത് തെളിവുസഹിതം ബോധ്യപ്പെട്ടിരിക്കുകയാണ്.
കാന്തപുരത്തിന്റെ നിർദേശമനുസരിച്ചു മഞ്ചേശ്വരത്തു തമ്പടിച്ച് തങ്ങളുടെ സർവ കേഡർവോട്ടുകളും ബി.ജെ.പിക്കു പോൾചെയ്യിച്ചത് കാന്തപുരത്തോടു ചെറിയ അനുഭാവമുള്ളവർ നേരിൽക്കണ്ട് അത്ഭുതപ്പെടുകയായിരുന്നു.
സംഘ്പരിവാറിനുവേണ്ടി ഒരു മുസ്‌ലിം പണ്ഡിതൻ ഇത്രയും തരംതാഴുന്ന കാഴ്ച ഇന്ത്യയിൽ ആദ്യമായിരിക്കും.
അതേസമയം, ഇടതുസ്ഥാനാർഥിയെ വിളിച്ച് തങ്ങളുടെ പിന്തുണ താങ്കൾക്കാണെന്നു പറയാനും ഇദ്ദേഹം ശ്രമിച്ചുകാണണം. ഡസനിലേറെയുള്ള ബി.ജെ.പി കേന്ദ്രമന്ത്രിപടയും ഹെലികോപ്റ്ററുകളും അതിനൊപ്പം കാന്തപുരവും യു.ഡി.എഫ് സ്ഥാനാർഥിയെ പരാജയപ്പെടുത്താനായി കാസർകോട്ടു ക്യാംപുചെയ്യുന്നുവെന്ന വിവരം മനസിലാക്കി കർണാടകയിലെ കോൺഗ്രസ് നേതൃത്വം വലിയ നേതൃപ്പടയെത്തന്നെ മഞ്ചേശ്വരത്തേയ്ക്ക് അയക്കുകയായിരുന്നു.
ഉന്നതനേതാക്കളായ ഓസ്കാർ ഫെർണാണ്ടസ്, ഐവാൻ ഡിസൂസ, വിനയകുമാർ സൊർക്കെ, റാംനാഥ് റായി, ഹേമന്ത്ഷെട്ടി, ശകുന്തള ഷെട്ടി തുടങ്ങിയ നേതാക്കൾ അവിടെ ദിവസങ്ങളോളം ക്യാംപുചെയ്തു പ്രവർത്തിച്ചു. ഓരോ പഞ്ചായത്തിലും ഒരു മന്ത്രി, ഒരു എം.പി, ഒരു എം.എൽ.എ എന്നിങ്ങനെ ചാർജ് ഏറ്റെടുത്തു നടത്തിയ ശക്തമായ പ്രവർത്തനത്തിന്റെ ഫലമായും സമുദായത്തിന്റെ പ്രാർഥനമൂലമുള്ള ദൈവകടാക്ഷത്താലുമാണ് 89 വോട്ടുകൾക്കു ബി.ജെ.പിയെ തോൽപ്പിച്ച് അത്ഭുതവിജയം നേടാനായത്.
കാന്തപുരം ഒഴികെയുള്ള സർവമുസ്‌ലിംസംഘടനകളും മതേതരസമൂഹവും ഒന്നിച്ചുനടത്തിയ

കഠിനപ്രയത്നംകൊണ്ടുമാത്രമാണ് അത്യുത്തരകേരളത്തിൽ സംഘ്പരിവാറിന് അക്കൗണ്ട് തുറക്കാൻ കഴിയാതെപോയത്. കേരളത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കിടയിൽ സ്വീകാര്യതയുണ്ടാക്കാൻ സാധിച്ചെന്നും മുസ്ലിംകളിൽക്കൂടി സ്വീകാര്യതയുണ്ടാക്കാൻ ശ്രമിക്കുകയാണെന്നുമുള്ള ബി.ജെ.പി ദേശീയനേതാക്കളുടെ പ്രസ്താവനകളും, ചെങ്ങന്നൂർ മണ്ഡലത്തിൽ തനിക്കു കാന്തപുരം മുസ്ലിയാർ പിന്തുണ വാഗ്ദാനംനൽകിയെന്നു ബി.ജെ.പി നേതാവ് വി.എസ് ശ്രീധരൻപിള്ള പരസ്യമായി പറഞ്ഞതും, മലപ്പുറം നിയോജകമണ്ഡലത്തിൽ ബി.ജെ.പി ടിക്കറ്റിൽ മത്സരിക്കാനിറങ്ങിയ സ്ഥാനാർഥി തനിക്ക് ഉസ്താദിന്റെ പിന്തണയുണ്ടെന്നു പരസ്യമായി പറഞ്ഞതും കാന്തപുരം നിഷേധിച്ചിട്ടില്ലെന്നത് ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതുണ്ട്.

അഖിലേന്ത്യാസംഘടന രൂപീകരിച്ചു നാട്ടിലെത്തിയ കാന്തപുരത്തിനു നൽകിയ സ്വീകരണയോഗത്തിൽ പങ്കെടുത്ത ബി.ജെ.പി നേതാവ് പറഞ്ഞത് ഈ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. നരേന്ദ്രമോദിയെ അംഗീകരിച്ച ഇന്ത്യയിലെ ആദ്യമുസ്ലിം പണ്ഡിതൻ കാന്തപുരം അബൂബക്കർ മുസ്ലിയാരാണെന്നായിരുന്നു നേതാവിന്റെ വാഴ്ത്തൽ. ആ വാക്കുകൾ കൈയടിയോടെ ആസ്വദിക്കുകയായിരുന്നു മുസ്ലിയാരും അനുയായികളും. പരലോകത്ത് സ്വർഗത്തിലേക്കുള്ള ടിക്കറ്റു മുറിച്ചുകൊടുക്കുന്ന പണി കാന്തപുരത്തെയാണ് ഏൽപ്പിച്ചതെന്ന് അനുയായികളെ വിശ്വസിപ്പിച്ചവർ നരേന്ദ്രമോദിയുടെ പേരുകേട്ടു തക്ബീർ ചൊല്ലിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

കേരളത്തിലെ മുസ്ലിം ജനവിഭാഗത്തിനിടയിൽ കാലങ്ങളായുള്ള അഭിപ്രായവ്യത്യാസങ്ങളെ ഊതിവീർപ്പിച്ചു വിഭാഗീയവൽക്കരിച്ച് അതിന്റെ മറവിൽ ഒരുകൂട്ടമാളുകളെ

സംഘ്പരിവാർ ആലയത്തിലേയ്ക്കു കൊണ്ടെത്തിക്കാനുള്ള കാന്തപുരത്തിന്റെ നികൃഷ്ടനീക്കങ്ങൾക്കെതിരേ സമുദായം ജാഗ്രതപുലർത്തേണ്ടതുണ്ട്.
ഓരോ തെരഞ്ഞെടുപ്പിലും ആർക്കാണ് തങ്ങളുടെ വോട്ടെന്ന് കൃത്യമായി പറയാതെ വിജയിച്ചവർക്കു പിന്തുണയുണ്ടായിരുന്നുവെന്നു പിന്നീട് അവകാശപ്പെടുന്ന ഹീനതന്ത്രമായിരുന്നു ഇക്കാലമത്രയും ഇദ്ദേഹം അവലംബിച്ചിരുന്നത്. മുസ്‌ലിംലീഗ് 20 സീറ്റ് നേടിയ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തങ്ങളുടെ പിന്തുണയുണ്ടായിരുന്നില്ലെങ്കിൽ മൂന്നു സീറ്റുപോലും കിട്ടില്ലായിരുന്നുവെന്ന് ഒരു ടി.വി ചാനലിനോട് ജാള്യതയില്ലാതെ അഹന്തയോടെ കാന്തപുരം പറഞ്ഞതിന്റെ ക്ലിപ്പിങ്ങുകളും അതിനെതിരേയുള്ള പരിഹാസവചനങ്ങളും ഇപ്പോഴും സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. ഇത്തവണ മുസ്‌ലിംലീഗിനെ മുഴുവൻ സീറ്റിലും തോൽപ്പിക്കാനായി ഇറങ്ങിത്തിരിച്ച കാന്തപുരത്തിനു ലീഗിനെ തെല്ലുപോലും പ്രഹരിക്കാൻ കഴിഞ്ഞില്ലെന്ന വസ്തുത ബോധ്യപ്പെട്ടുകാണും.
മണ്ണാർക്കാട്ട് ലീഗ് സ്ഥാനാർഥിയെ തോൽപ്പിക്കാനായി മതചിഹ്നങ്ങൾ മുഴുവൻ പുറത്തെടുത്ത് തങ്ങളുടെ മുഴുവൻ സഖാഫിമാരെയും വീടുകൾതോറും കയറിയിറങ്ങാൻ നിയോഗിച്ചിട്ടും അവിടത്തെ ഇടതുപക്ഷമടക്കമുള്ള മതനിരപേക്ഷവോട്ടർമാർ ലീഗ് സ്ഥാനാർഥിക്കു നൽകിയ മഹാഭൂരിപക്ഷം കാന്തപുരത്തിന്റെ അഹങ്കാരത്തിനുനൽകിയ ശിക്ഷയാണ്. പരാജയപ്പെടുത്താനുള്ള കാന്തപുരത്തിന്റെ കൂട്ടപ്രാർഥനക്കിടയിലും പതിനെട്ടു സീറ്റ് നിലനിർത്താനായ മുസ്‌ലിംലീഗിന് സ്വന്തം അശ്രദ്ധകൊണ്ടാണു മൂന്നു സീറ്റ് നഷ്ടപ്പെട്ടത്. തെരഞ്ഞെടുപ്പു കാലത്തു തന്നെ കാണാൻ വ്യത്യസ്തരായ സ്ഥാനാർഥികളും നേതാക്കളും കാരന്തൂരിലെ മർകസിനുമുന്നിൽ ദർശനത്തിനായി വന്നുനിൽക്കുന്ന കാഴ്ച

സ്വയമാസ്വദിക്കുന്ന കാന്തപുരം അതു മാധ്യമങ്ങളെ മുൻകൂട്ടിയറിയിക്കാൻ മടിക്കാറുമില്ല.
എല്ലാ കക്ഷിനേതാക്കളും തന്റെ മുമ്പിൽ നമ്രശിരസ്കരായി നിൽക്കുന്ന ദൃശ്യം സ്വന്തം അനുയായികളെക്കൊണ്ടു സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യിച്ചു രാഷ്ട്രീയക്കാരുടെമേൽ ചക്രവർത്തിചമയുകയാണ്. കാന്തപുരത്തിന്റെ പത്തിരട്ടി ആൾബലമുള്ള സമസ്തയുടെ ചേളാരി ഓഫിസിലേയ്ക്കോ മുജാഹിദ് സെന്ററിലേയ്ക്കോ മർക്കസുദ്ദഅ്വയിലേയ്ക്കോ ഹിറാ സെന്ററിലേയ്ക്കോ മറ്റു മുസ്ലിം സംഘടനാ ആസ്ഥാനത്തേയ്ക്കോ ആരും വോട്ടിനായി ചെല്ലാത്തത് അവിടെ വോട്ടുകച്ചവടമില്ലെന്ന തിരിച്ചറിവുകൊണ്ടാണ്. താൽക്കാലികനേട്ടത്തിനായി ഇത്തരം കേന്ദ്രങ്ങളിൽ കയറിയിറങ്ങുന്നവർക്കു പിൽക്കാലത്ത് വലിയ മാനഹാനിയായിരിക്കും സംഭവിക്കുക.
കേന്ദ്രആഭ്യന്തരമന്ത്രി സ്ഥാനത്തേയ്ക്കു താങ്കളുടെപേര് സോണിയാഗാന്ധിയോട് താനാണു ശുപാർശ ചെയ്തതെന്ന് അറിയാമല്ലോയെന്നു മുല്ലപ്പള്ളി രാമചന്ദ്രനെ വിളിച്ചു പറഞ്ഞ ഫോൺസംഭാഷണം നേരത്തെതന്നെ വിവാദമായിട്ടുള്ളതാണ്. എം.കെ രാഘവൻ വിജയിച്ചു വോട്ടെണ്ണൽ കേന്ദ്രത്തിൽനിന്നു പുറത്തിറങ്ങുമ്പോൾ ഒരാളുടെപക്കൽ തങ്ങളുടെ പിന്തുണ താങ്കൾക്കുണ്ടായിരുന്നുവെന്ന കുറിപ്പു കൈമാറിയതടക്കമുള്ള നിരവധി ഉദാഹരണങ്ങൾ ഇദ്ദേഹത്തിന്റെ കള്ളക്കൗശലവുമായി ബന്ധപ്പെട്ടു പറയാനുണ്ട്.
കേന്ദ്രത്തിൽ മോദിസർക്കാർ അധികാരത്തിൽവന്നതുമുതൽ കേന്ദ്രഭരണകൂടത്തെയും ബി.ജെ.പിയെയും പിണക്കാതിരിക്കുകയും പരമാവധി സർക്കാർ അനുകൂല നിലപാടുകൾ കൈക്കൊള്ളുകയും വഴി ബി.ജെ.പിയോടും ഫാസിസ്റ്റ് ഭരണകൂടത്തോടും സമുദായത്തിൽ നിലനിന്നിരുന്നതും വളർന്നുവന്നിരുന്നതുമായ

പ്രതിഷേധത്തെ ഭിന്നിപ്പിക്കാനും ബി.ജെ.പിയോടുള്ള മുസ്‌ലിം ജനസാമാന്യത്തിന്റെ അസ്പൃശ്യത അവസാനിപ്പിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായിരുന്നു. ഗുജറാത്ത് കലാപത്തെക്കുറിച്ചുള്ള അഭിപ്രായപ്രകടനംമുതൽ ആർ.എസ്.എസ് മുൻകൈയെടുത്തു സംഘടിപ്പിച്ച സൂഫി സമ്മേളനത്തിന്റെ നേതൃരംഗത്തെത്തിയതടക്കമുള്ള സംഗതികൾ വെളിവാക്കുന്നത് ഇതാണ്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയെ വിജയത്തോടടുപ്പിച്ച മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ബി.ജെ.പിയെ പിന്തുണച്ചതിന്റെ രഹസ്യം മറ്റൊന്നുമല്ല. വിജയിച്ച സ്ഥാനാർഥികളും മുന്നണികളും തങ്ങളുടെ പിന്തുണകൊണ്ടാണെന്ന പതിവുപല്ലവി ആവർത്തിക്കാൻ ഇടനൽക്കാത്തവിധം മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മതേതരസമൂഹം ഒറ്റക്കെട്ടായി നിലകൊണ്ടത് ഇത്തരം മതമേലധ്യക്ഷന്മാർ തെരഞ്ഞെടുപ്പിൽ ഇടപെടുന്നതിനെതിരേയുള്ള താക്കീതായി കാണേണ്ടതുണ്ട്. കേരളത്തിലെ ജയപരാജയങ്ങളിൽ ഇത്തരം കപടമതപുരോഹിതൻമാർക്ക് ഒരുപങ്കുമില്ലെന്നതിന്റെ നിദർശനമാണു മണ്ണാർക്കാട്ടെ തെരഞ്ഞെടുപ്പുവിജയമെന്നത് അഭിമാനകരമാണ്.

മുസ്‌ലിംസമുദായത്തിന്റെ പൊതുപ്രശ്നങ്ങളിൽ സമുദായസംഘടനകൾ ഒന്നിച്ചുനിന്നപ്പോൾ വിഘടിച്ചുനിൽക്കുന്ന നയമാണു കാന്തപുരം സ്വീകരിച്ചത്. പരിശുദ്ധമായ ഇസ്‌ലാമിക ശരീഅത്ത് വെല്ലുവിളി നേരിട്ടപ്പോൾ അഭിപ്രായവ്യത്യാസംമറന്ന് എല്ലാവരും യോജിച്ചുനീങ്ങിയപ്പോഴും അതിനോടു സഹകരിക്കാതെ പുറംതിരിഞ്ഞുനിന്നതു സമൂഹം മറന്നിട്ടില്ല. അന്നുമുതൽ ഇന്നുവരെ സമുദായപ്രശ്നങ്ങളിൽ ഇദ്ദേഹം സ്വീകരിക്കുന്ന നിലപാടും സമീപനവും സമുദായഐക്യത്തിന് എതിരാണ്.

ഇദ്ദേഹത്തിന്റെ അനുയായിയായി അറിയപ്പെടുന്ന തൃശൂർജില്ലയിലെ ഒരു സഖാഫി മുസ്‌ലിംലീഗ് വർഗീയപ്പാർട്ടിയാണെന്നും നിരോധിക്കണമെന്നും ആവശ്യപ്പെട്ടതു മുസ്‌ലിംലീഗ് യോഗങ്ങൾ ഫാത്വിഹ ഓതി ആരംഭിക്കുന്നുവെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ്. മുസ്‌ലിംസമുദായത്തിലെ എല്ലാവിഭാഗങ്ങളും ഇതരമതസമൂഹങ്ങളിലെ മതേതരവിശ്വാസികളും ഉൾപ്പെടുന്ന സാമൂഹ്യപ്രതിബദ്ധതയുള്ള രാഷ്ട്രീയപ്രസ്ഥാനമാണു മുസ്‌ലിംലീഗ്. ആ നിലയിൽ എല്ലാവരോടും മാന്യമായ സമീപനമാണു മുസ്‌ലിംലീഗ് പുലർത്തിപ്പോരുന്നത്. ഈ നിലപാടിന്റെ അടിസ്ഥാനത്തിലാണു ലീഗ് മന്ത്രിമാരും നേതാക്കളും കാന്തപുരത്തിന്റേതടക്കമുള്ള പരിപാടികൾക്കു വിമർശനങ്ങൾക്കിടയിലും പങ്കെടുത്തുകൊണ്ടിരുന്നത്. ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇവരുടെ വിമർശനങ്ങളോടു മൗനമവലംഭിച്ചതും മേൽനിലപാടുകളുടെ വെളിച്ചത്തിലാണ്. പൊതുവിശ്വാസങ്ങളിൽ സമുദായം ഒന്നിച്ചുനിൽക്കണമെന്ന കേരള മുസ്‌ലിംങ്ങളുടെ സ്വപ്നം തകർത്തതു കാന്തപുരമാണെന്ന് അറിവുണ്ടായിട്ടും മുസ്‌ലിംലീഗ് ഏറെ ക്ഷമിച്ചു. എന്നാൽ, പണ്ടുമുതൽ സമുദായത്തെ ഉന്മൂലനം ചെയ്യാൻ ഇറങ്ങിത്തിരിച്ച സംഘ്പരിവാർ ശക്തികളോടു തോളോടുതോൾ ചേർന്നുനിൽക്കുന്ന കാന്തപുരത്തിന്റെ സമുദായവിരുദ്ധ അജൻഡകളെ വിമർശിക്കാതിരിക്കാൻ മുസ്‌ലിംലീഗിനു കഴിയില്ല. എല്ലാ കാലവും ഈ ഹീനപ്രവൃത്തികളെ നോക്കിനിൽക്കാൻ ഒരു ന്യൂനപക്ഷരാഷ്ട്രീയപ്രസ്ഥാനത്തിനാവില്ല. ഡൽഹി കേന്ദ്രീകരിച്ച് കാന്തപുരം കഴിഞ്ഞ കുറേകാലമായി നടത്തിവരുന്ന ഗൂഢാലോചനകൾ ഭീതിയോടെ മാത്രമേ സമുദായസ്നേഹികൾക്കും മതനിരപേക്ഷ സമൂഹത്തിനും കാണാനാവൂ.

അന്താരാഷ്ട്ര സൂഫിസമ്മേളനമെന്നപേരിൽ മോദിയുടെ ചെലവിൽ ഡൽഹിയിൽ അരങ്ങേറിയ ഒരുപറ്റം സൂഫി മൗലാനമാരുടെ സമ്മേളനമാമാങ്കം മുഖ്യധാരാ മുസ്‌ലിംങ്ങളെ മൊത്തം വ്യംഗ്യമായി ഭീകരവാദപ്രയോക്താക്കളായി ചിത്രീകരിക്കുംവിധമായിരുന്നു.
ഈ സമ്മേളന തട്ടിക്കൂട്ടലിനു ചരടുവലിക്കാനും അന്താരാഷ്ട്രപ്പട്ടം ചാർത്താനും നരേന്ദ്രമോദി നിയമിച്ചത് ആസിഫ് ഇബ്രാഹിം, അജിത്ഡോവൽ എന്നീ വ്യക്തികളേയാണെന്നാണു വാർത്തകൾ. ഇവരുടെ ഗതകാലചരിത്രമാകട്ടെ നരേന്ദ്രമോദിയെയും കൂട്ടരെയും വഴിവിട്ടു സഹായിച്ചതുമാണ്.
കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ ഡയരക്ടർ സ്ഥാനത്ത് 1947ൽ നിയമിതനായ ടി.വി സഞ്ജീവി പിള്ള തൊട്ട് ഇപ്പോഴുള്ള ദിനേശ്വർ ശർമവരെയുള്ള 25പേരിൽ ഒരേയൊരു മുസ്‌ലിമാണ് 2013 ജനുവരിയിൽ യു.പി.എ സർക്കാരിനാൽ നിയമിതനായ സയ്യിദ് ആസിഫ് ഇബ്രാഹിം. മധ്യപ്രദേശ് കേഡറിൽ 1977 ബാച്ച് ഐ.പി.എസ് ഓഫിസറാണ് ഇദ്ദേഹം. ഇശ്രത്ത് ജഹാൻ വ്യാജഏറ്റുമുട്ടൽ കേസിൽ ഗുജ്‌റാത്ത് ഇന്റലിജൻസ് ബ്യൂറോ മേധാവിയുടെ വ്യാജറിപ്പോർട്ടിനെ പിന്തുണച്ചുകൊണ്ടു നിലപാടു സ്വീകരിച്ച് മതേതര രാജ്യത്തെ ഞെട്ടിച്ച വ്യക്തിയാണ് സയ്യിദ് ആസിഫ് ഇബ്രാഹിം. ഈ കേസിൽ നിന്നു നരേന്ദ്രമോദിയെയും അമിത്ഷായെയും

മറ്റു കുറ്റവാളികളെയും രക്ഷപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ച വ്യക്തികൂടിയാണ് ആസിഫ് ഇബ്രാഹിമെന്നത് പരസ്യമാണ്. ഇതിന്റെ പാരിതോഷികമെന്ന നിലയ്ക്കാണു മോദി അധികാരമേറ്റയുടൻ ഇദ്ദേഹത്തെ വലിയ ഡിപ്ലോമാറ്റിക് റാങ്കോടെ രാജ്യത്തിന്റെ തീവ്രവാദ- ഭീകരവാദ പ്രതിരോധ തലവനായി (സി.ടി.ഇ) നിയമിച്ചത്.

നരേന്ദ്രമോദിക്ക് കേന്ദ്രഭരണം പിടിക്കാനായി ബൗദ്ധികപ്രവൃത്തികൾക്കു നേതൃത്വം നൽകിയ ഒരു സംഘടന അബ്കോയെന്ന അമേരിക്കൻ ഏജൻസിയാണെങ്കിൽ മറ്റൊന്ന് ഇന്ത്യയിലെ വിവേകാനന്ദ ഇന്റർനാഷണൽ ഫൗണ്ടേഷൻ എന്ന സംഘടനയാണ്. അതിന്റെ മുഖ്യതലച്ചോറെന്ന വിശേഷണത്തിന് വിധേയനായ അജിത്ഡോവൽ 2004-2005 കാലത്ത് ഇന്റലിജന്റ്സ് ബ്യൂറോയുടെ ഡയറക്ടറായിരുന്നിട്ടുണ്ട്. കേരള കേഡറിൽ 1968 ബാച്ച് ഐ.പി.എസ് ഓഫീസറാണ് ഇദ്ദേഹം. മിത്രമായ നിപേന്ദ്ര മിശ്രയോടൊത്ത് അജിത്ഡോവലാണ് മോദിക്ക് അധികാരത്തിലെത്താൻവേണ്ടി ബൗദ്ധിക ധൈഷണികതന്ത്രങ്ങൾ മെനഞ്ഞത്. ഇതിന്റെ ഉപകാരസ്മരണയിലാണ് ഇദ്ദേഹത്തെ നരേന്ദ്രമോദി പ്രധാനമന്ത്രിയുടെ ദേശീയസുരക്ഷാ ഉപദേശകനായി (എൻ.എസ്.എ) നിയമിച്ചത്.

അധികാരമേറ്റയുടൻ മുസ്‌ലിം പിന്തുണയാർജ്ജിക്കാൻ മോദി ചുമതലപ്പെടുത്തിയത് ഈ രണ്ടു മോദി ഭക്തരെത്തന്നെയായിരുന്നു. ആസിഫ് ഇബ്രാഹിമും അജിത്ഡോവലും ഉത്തരപ്രദേശിലെ കച്ചൗച്ച് പ്രദേശത്തെ കച്ചൗച്ച് ഷരീഫിലെ സൂഫി ഇമാമും ബി.ജെ.പി സഹയാത്രികരുമായ മുഹമ്മദ് അഷ്റഫ് കച്ചൗച്ചിയെ മുന്നിൽ നിർത്തി ന്യൂ ഡൽഹിയിൽ അന്തർദേശീയ സൂഫിസമ്മേളനം സംഘടിപ്പിച്ചത്.

നേരത്തെ അഫ്ഗാനിസ്ഥാനിലും പാകിസ്താനിലുമെല്ലാം അംബാസിഡറായും മറ്റും ജോലി ചെയ്തിരുന്ന ഇവർക്ക് അവിടങ്ങളിലുള്ള ബന്ധം ഉപയോഗപ്പെടുത്തിയാണ് കുറേ സൂഫിമൗലാനമാരെ സംഘടിപ്പിച്ച് അന്താരാഷ്ട്ര സമ്മേളനമെന്ന ഖ്യാതി സൃഷ്ടിച്ചത്.

അതിനു മുന്നോടിയായി 2015 ഓഗസ്റ്റ് 27ന് നരേന്ദ്ര മോദിയെ

പിന്തുണക്കുന്ന സൂഫി നേതാക്കളുടെ കൂടിക്കാഴ്ചകൾക്കു വന്ന പ്രമുഖരായ ആറു പ്രധാന വ്യക്തികളുടെ പേര് പ്രധാനമന്ത്രിയുടെ ഓഫിസ് പുറത്തുവിട്ടിട്ടുണ്ട്. അതിൽ നാലാമത്തെ പേര് ശൈഖ് അബൂബക്കർ അഹമ്മദ് മുസ്‌ലിയാർ എന്നാണ്. ശൈഖ് എന്ന സ്ഥാനപ്പേര് തന്റെ പേരിനോടൊപ്പം ചാർത്തിയ ആ വ്യക്തി കാന്തപുരം അബൂബക്കർ മുസ്‌ലിയാർ ആണെന്നതു പിന്നീടാണു പലരും മനസിലാക്കിയത്. ആ കൂടിയാലോചനയ്ക്ക് ശേഷമാണ് ബി.ജെ.പി സർക്കാർ സ്പോൺസർ ചെയ്ത ഈ അന്താരാഷ്ട്ര സൂഫി സമ്മേളനം നടക്കുന്നത്. ആ സമ്മേളനത്തിലും ഇദ്ദേഹവും കൂട്ടാളികളും സജീവമായി പങ്കെടുക്കുകയും നരേന്ദ്രമോദിയോടൊപ്പമുള്ള ബഹുവർണഫോട്ടോകൾ യഥേഷ്ടം അനുയായികളെക്കൊണ്ട് സോഷ്യൽമീഡിയകളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്...
നരേന്ദ്രമോദിക്ക് കീഴിൽ ചതഞ്ഞരഞ്ഞ ആയിരങ്ങളുടെ കണ്ണീര് ഈ സമ്മേളനം കണ്ടതായിപ്പോലും ഭാവിച്ചില്ല. ഗുജ്റാത്തിൽ ആദ്യമായി ഒരു മുസ്‌ലിംസമ്മേളനം സംഘടിപ്പിക്കാനുള്ള അനുമതി കാന്തപുരത്തിനു മാത്രമാണ് ലഭിച്ചത്. അത്രയും ദൃഢമാണ് ബി.ജെ.പിയുമായുള്ള ബന്ധം.
സ്പെയിനിലെപ്പോലെ മതപണ്ഡിതരെ കൈയിലെടുത്താലേ ഇസ്‌ലാമിനെ നശിപ്പിക്കാൻപറ്റൂവെന്ന തിരിച്ചറിവാകണം മോദിയെ ഈ ചങ്ങാത്തത്തിനു പ്രേരിപ്പിച്ചത്. മോദി വാഴ്ത്തൽ അതിന്റെ പാരമ്യത്തിലെത്തുമ്പോൾ ഒരുപക്ഷേ ഇനി വല്ല പുരസ്കാരവും ഇദ്ദേഹത്തെ തേടിയെത്തിയാൽ അത്ഭുതപ്പെടേണ്ടതില്ല.
നരേന്ദ്രമോദി വഴി കാന്തപുരത്തിന്റെ മർകസിന് അക്കൗണ്ട് വഴി അഞ്ചുകോടി രൂപ സംഭാവന നൽകിയെന്ന ആരോപണം ചില സംഘടനകൾ നേരത്തെ ഉന്നയിച്ചിരുന്നതാണ്. പക്ഷെ ഇന്നുവരെ അത് നിഷേധിക്കാനോ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പുറത്തുവിട്ട് സുതാര്യത ഉറപ്പുവരുത്താനോ കാന്തപുരം

മുതിർന്നിട്ടില്ലെന്നതും ദുരൂഹമാണ്.
വ്യക്തിഗതതാൽപര്യത്തിനുവേണ്ടി, പിറന്നുവീണ സമുദായത്തെ മറന്ന് രാജ്യത്തെ പലയിടങ്ങളിലും സമുദായത്തെ ഉന്മൂലനംചെയ്ത ഫാസിസ്റ്റ് ശക്തികളോടു ചേർന്നു നടത്തുന്ന വഴി വിട്ടകളികൾ സമുദായവും മതനിരപേക്ഷ സമൂഹവും തിരിച്ചറിഞ്ഞിട്ടുണ്ടെന്ന വസ്തുത കാന്തപുരവും താമരസുന്നികളും മനസിലാക്കുന്നത് നല്ലതാണ്.

ഏറ്റവും പുതിയ വാർത്തകൾക്കും വീഡിയോകൾക്കും സബ്സ്ക്രൈബ് ചെയ്യുക



കമന്റ് ബോക്സിലെ അഭിപ്രായങ്ങൾ സുപ്രഭാതത്തിന്റേതല്ല. വായനക്കാരുടേതു മാത്രമാണ്. അശ്ലീലവും അപകീർത്തികരവും ജാതി, മത, സമുദായ സ്പർധവളർത്തുന്നതുമായ അഭിപ്രായങ്ങൾ പോസ്റ്റ് ചെയ്യരുത്. ഇത്തരം അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നത് കേന്ദ്രസർക്കാറിന്റെ ഐടി നയപ്രകാരം ശിക്ഷാർഹമാണ്.